ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 1/20958/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 08.10.2024
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - സംസ്ഥാനതല സ്കൂൾ ഗെയിംസ് 2024-25- ഗ്രൂപ്പ് 4 മത്സരം - സംബന്ധിച്ച്

സൂചന :

*****************************

66-ാമത് സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 4 മത്സര ഇനമായ സ്കേറ്റിംഗ്, അണ്ടർ 19 ആൺ/പെൺ മത്സരം **2024 ഒക്ടോബർ 15, 16 തീയതികളിൽ പാലക്കാട് ജില്ലയിൽ** നടത്തുന്നതാണ്. റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലയിലെ സ്കൂൾ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലയിൽ വിജയികളായ സ്കൂൾ ടീമുകൾ, **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി വേണം രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടത്.

**രജിസ്ട്രേഷൻ സ്ഥലവും തീയതിയും ചുവടെ ചേർക്കുന്നു**

രജിസ്ട്രേഷൻ ഫോർ റോഡ്- 15/10/2024, രാവിലെ 06.00മണി, സ്റ്റേഡിയം ബസ് സ്റ്റാൻഡ്, പാലക്കാട്

രജിസ്ട്രേഷൻ ഫോർ റിങ്ക് - 15/10/2024, ഉച്ചയ്ക്ക് 02.00മണി, വൈ.എ.ആർ.എസ് റോളർ സ്കേറ്റിംഗ് റിങ്ക്, തരുവാകുറിശ്ശി, കണ്ണാടി,പാലക്കാട്

മത്സരങ്ങൾ സമയബന്ധിതമായി തുടങ്ങുന്നതിന് ടീമുകൾ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് തന്നെ കൃത്യമായി രജിസ്ട്രേഷന് എത്തിച്ചേരണ്ടതാണ്.

**രജിസ്ട്രേഷനും താമസ സൗകര്യത്തിനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

ജിജി ജോസഫ്, ജില്ലാ കോർഡിനേറ്റർ - **9447648464**
സുവിത് കുമാർ, ആർ.ഡി.എസ്.ജി.എ സെക്രട്ടറി - **9995044241**
രഞ്ജിത്, പി.ഇ.ടി, ജി.എച്ച്.എസ്.എസ്, പട്ടൻചേരി - **9567966115**
വിനീത് എസ്., പി.ഇ.ടി, എസ്.പി.എച്ച്.എസ്.എസ്, കൊഴിഞ്ഞംപാറ - **9497683987**
ദിനേഷ് ബാബു, പി.ഇ.ടി, ജി.എച്ച്.എസ്.എസ്, മുതലമട - **9446270310**
അർജുൻ.എസ്, പി.ഇ.ടി, എച്ച്.എസ്, കണ്ണാടി -8891243306(ആൺകുട്ടികളുടെ താമസം)
രേഷ്മ, എച്ച്.എസ്.എ, എച്ച്.എസ്, കണ്ണാടി -9446600137(പെൺകുട്ടികളുടെ താമസം)

**നിർദ്ദേശങ്ങൾ**

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 4 മത്സര ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ **പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്.** (1 കോപ്പി)
   **ii.** പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർമാരെ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. ആയതിന്റെ ചുമതല അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആയിരിക്കും .
3. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
5. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.
6. 15.10.2024 ന് രാവിലെ 8 മണിക്ക് സ്കേറ്റിംഗ് ടീം മാനേജേഴ്സിന്റെ മീറ്റിംങ് പാലക്കാട് സ്റ്റേഡിയം, സ്റ്റേഡിയം ബസ് സ്റ്റാൻഡിന് സമീപം ഉണ്ടായിരിക്കുന്നതാണ്. എല്ലാം ടീം മാനേജേഴ്സും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
7. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.

DIRECTORATE OF GENERAL EDUCATION * Jagathy, Trivandrum *

വിശ്വസ്തതയോടെ

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് :

1. എല്ലാ ആർ.ഡി.ഡിമാർക്കും (ഹയർസെക്കണ്ടറി വിഭാഗം)
2. എല്ലാ എ.ഡി.മാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം)
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. എല്ലാ ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)